**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1566** **19-09-2025 - ൽ മറുപടിയ്ക്ക്**

**മണ്ണാർക്കാട് മൂപ്പിൽ നായരുടെ ഭൂമിക്ക് സാക്ഷ്യപത്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടി താലൂക്കിൽ മണ്ണാർക്കാട് മൂപ്പിൽ നായർക്ക് ഏതെല്ലാം വില്ലേജുകളിൽ നിന്ന് എത്ര ഏക്കർ ഭൂമിക്ക് സാക്ഷ്യപത്രം നൽകിയെന്നും ഏത് വില്ലേജ് ഓഫീസറാണ് നൽകിയതെന്നും വ്യക്തമാക്കാമോ; | (എ) | അട്ടപ്പാടി താലൂക്കിൽ കോട്ടത്തറ വില്ലേജിൽ 762/23, 1819/23, 404/1, 404/3, 524/58, 524/60, 524/71, 524/84, 620/1 എന്നീ സർവ്വെ നമ്പറുകളിലായി ആകെ 233.9187 ഹെക്ടർ സ്ഥലം മണ്ണാർക്കാട് മൂപ്പിൽ നായരുടെ അവകാശികൾ എന്ന് അവകാശപ്പെടുന്നവർക്കായി 9 സാക്ഷ്യപത്രങ്ങൾ 21.10.23, 29.01.24 തീയതികളിൽ അനുവദിച്ചിട്ടുള്ളതാണ്. കോട്ടത്തറ വില്ലേജ് ആഫീസറാണ് സാക്ഷ്യപത്രങ്ങൾ അനുവദിച്ചിട്ടുള്ളത്. |
| (ബി) | അട്ടപ്പാടി തഹസീൽദാർ (ഭൂരേഖ) മണ്ണാർക്കാട് മൂപ്പിൽ നായരുടെ അപേക്ഷ നിരസിച്ചിട്ടും കോട്ടത്തറ വില്ലേജ് ഓഫീസർ കൈവശ സാക്ഷ്യപത്രം നൽകിയത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ; | (ബി) | ടി സർവ്വേ നമ്പറിൽപ്പെട്ട ഭൂമി റവന്യൂ രേഖകൾ പ്രകാരം സർക്കാർ പുറമ്പോക്കിലോ, മിച്ചഭൂമിയിലോ, ടി.എൽ.എ കേസിലോ ഉൾപ്പെട്ട ആദിവാസി ഭൂമികളല്ലെന്ന് കാണിച്ചാണ് സാക്ഷ്യപത്രം നൽകിയിട്ടുള്ളത്. |
| (സി) | റവന്യൂ സെക്രട്ടറി ഏതെങ്കിലും ഘട്ടത്തിൽ അട്ടപ്പാടിയിലെ ആദിവാസി ഉന്നതികൾ സന്ദർശിച്ച് റിപ്പോർട്ട് നൽകിയിരുന്നോ; പ്രസ്തുത റിപ്പോർട്ടിൽ എന്തെല്ലാം കാര്യങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (സി) | റവന്യൂ സെക്രട്ടറി അട്ടപ്പാടിയിലെ ആദിവാസി ഉന്നതികൾ സന്ദർശിക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ